(ബി) മേൽപ്പറഞ്ഞ വ്യവസായം ഇന്നു അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത വ്യവസായത്തെ പരമ്പരാഗത ചെറുകിട വ്യവസായമായി പ്രഖ്യാപിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫയർ സ്കീം

109 [4878] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നൻമണ്ട, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ ഓരോന്നിലും കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫയർ സ്കീമിൽ അംഗത്വം എടുത്തവർ എത്രയുണ്ട് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

അംഗത്വത്തിന്റെ കണക്ക് താഴെ ചേർക്കുന്നു:

എലത്തൂർ	..	152
തലക്കുളത്തൂർ	..	111
നൻമണ്ട	..	269
പനങ്ങാട്	..	69
ബാലുശ്ശേരി	..	853
അത്തോളി	..	251
ഉള്ളിയേരി	..	133

ഹാന്റിക്രാഫ്ട് മേഖലയിൽ പണിയെടുക്കുന്നവർക്കുവേണ്ടി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ

110 [4879] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, കെ. മോഹൻകുമാർ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, വി. ബാവരാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റിക്രാഫ്ട് മേഖലയിൽ പണിയെടുക്കുന്നവർക്കുവേണ്ടി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly